പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3081** **03.04.2013 -ലെ മറുപടിക്ക്**

## ഫ്ളാറ്റുകളിലെ ഫയർ ആന്റ് സേഫ്റ്റി സംവിധാനം

ചോദ്യം

ശ്രീ. സി.പി.മുഹമ്മദ്

,, റ്റി.എൻ.പ്രതാപൻ

,, കെ.ശിവദാസൻ നായർ

,, എം.എ.വാഹീദ്

ഉത്തരം

ശ്രീ.മഞ്ഞളാംകുഴി അലി

(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) നഗരങ്ങളിലുള്ള ഫ്ളാറ്റുകളിലെ ഫയർ ആന്റ് സേഫ്റ്റി സംവിധാനം പരിശോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്: വിശദമാക്കുമോ; | (എ) മൂന്ന് നിലയ്ക്ക് മുകളിലുള്ള ഫ്ളാറ്റുകളുടെ കാര്യത്തിൽ ഫയർ ആന്റ് റസ്ക്യു സർവ്വീസസ് വകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രം ലഭിച്ചതിനുശേഷമാണ് കെട്ടിട നിർമ്മാണാനുമതി നഗരസഭകളിൽ നിന്നും നൽകി വരുന്നത്. കൂടാതെ ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പായി പ്രസ്തുത ഡിപ്പാർട്ട്മെന്റിൽ നിന്നും ഫൈനൽ എൻ.ഒ.സി. നിഷ്ക്കർഷിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത പരിശോധനനടത്തുന്നതിനായി വിജിലൻസ് ടീമിനെ നിയോഗിക്കുന്നത് പരിഗണിക്കുമോ;<br><br>(സി) വിജിലൻസ് ടീമിനെ നിയോഗിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്: വിശദമാക്കുമോ? | (ബി)& (സി) അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി കർശന നടപടി സ്വീകരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ നേതൃത്വത്തിൽ താൽക്കാലികമായി ഒരു ടീം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ടീം വിവിധ നഗരസഭകളിൽ പരിശോധന നടത്തി കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ